150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**വ്യവസായ വകുപ്പ്-മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽ ആധുനികവൽക്കരണം - 2023-24 സാമ്പത്തിക വർഷം 100 ലക്ഷം രൂപയുടെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് റിലീസ്** അനുമതി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.884/2023/ID തീയതി,തിരുവനന്തപുരം, 25-08-2023

---

**പരാമർശം:-**

1. 11.07.2023 ലെ സ.ഉ(സാധ)നം.709/2023/വ്യവ നമ്പർ സർക്കാർ ഉത്തരവ്
2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 25.07.2023 ലെ ഡി.ഐ.സി/3646/2023/എഫ്.ഐ.1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസിൽ ഓട്ടോകോണർ, നൂൽ കണ്ടീഷനിംഗ് പ്ലാന്റ് എന്നിവ സ്ഥാപിച്ച് ആധുനികവൽക്കരണം നടത്തുന്നതിന് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് 325 ലക്ഷം രൂപയ്ക്ക് പരാമർശ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് നടപ്പുവർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്ന് ഭരണാനുമതി നൽകിയ പ്രസ്തുത തുക 6860-01-190-95 എന്ന ശീർഷകത്തിൽ നിന്ന് വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് നൽകണമെന്ന് പരാമർശ കത്തിലൂടെ വ്യവസായ വാണിജ്യ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസിൽ ഓട്ടോകോണർ, നൂൽ കണ്ടീഷനിംഗ് പ്ലാന്റ് എന്നിവ സ്ഥാപിച്ച് ആധുനികവൽക്കരണം നടപ്പാക്കുന്നതിന്, 25.10.2021 തീയതിയിലെ 97/2021/ഫിൻ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഓഡിറ്റ് സ്റ്റാറ്റസ് അപ്ഡേറ്റ് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് ചെയ്യേണ്ടതാണെന്ന നിർദ്ദേശത്തോടെ, '6860-01-190-95- ലോൺസ് ടു കെ.എസ്.ടി.സി.(പി)' എന്ന ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്ന് 100 ലക്ഷം രൂപ (ഒരു കോടി രൂപ മാത്രം) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി റിലീസ് അനുമതി നൽകി ഉത്തരവാകുന്നു.

1. 16.04.2018-ലെ G.O(P)No.62/2018/Fin അനുസരിച്ച് ഫണ്ടുകൾ PSTSB അക്കൗണ്ടിലേക്ക്

ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

2. 09-12-2008 തീയതിയിലെ സർക്കുലർ നമ്പർ 84/2008/ഫിൻ, 29/08/2009ലെ സർക്കുലർ നമ്പർ 75/09/ഫിൻ തീയതി, 30/01/2018 ലെ സർക്കുലർ നമ്പർ.8/2018/ഫിൻ, 16.06.2018 ലെ സർക്കുലർ നമ്പർ 53/2018/Fin എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

3. അനുവദിക്കപ്പെട്ട പദ്ധതിക്കായി മാത്രം ഫണ്ടുകൾ വിനിയോഗിക്കേണ്ടതും മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റുവാൻ പാടില്ലാത്തതുമാണ്.

4. 11.06.2018-ലെ GO (P) No.88/2018/fin, 03.07.2018-ലെ GO(P) No.100/2018/Fin എന്നിവ പ്രകാരം നൽകിയ പ്ലാൻ ഫണ്ടുകളുടെ വിനിയോഗവും നിരീക്ഷണവും സംബന്ധിച്ച പ്രവർത്തന മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

5 . ഫണ്ടുകളുടെ പിൻവലിക്കലും വിനിയോഗവും സംബന്ധിച്ച സാമ്പത്തിക തത്വങ്ങളും നിയമങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

6. വായ്പ 'വർക്കിംഗ് ക്യാപിറ്റൽ ലോൺ' ആയി കണക്കാക്കേണ്ടതാണ്.

7. വായ്പയുടെ കാലാവധി 5 വർഷമായിരിക്കും.

8. ലോൺ പിൻവലിച്ചതിന്റെ ഒന്നാം വാർഷികത്തിൽ വായ്പയുടെ തിരിച്ചടവ് ആരംഭിക്കേണ്ടതാണ്.

9. GO (P)No.169/2018/Fin dated 16.05.2018 പ്രകാരം പലിശ നിരക്ക് പ്രതിവർഷം 9.5% ആയിരിക്കും (വാർഷിക സംയുക്തം). വായ്പ അനുവദിക്കുന്നതും തിരിച്ചടയ്ക്കുന്നതും സംബന്ധിച്ച്, 27.04.2013-ലെ സർക്കുലർ നമ്പർ 40/2013/ഫിൻ പ്രതിപാദിച്ചിരിക്കുന്ന എല്ലാ ഔപചാരികതകളും/നടപടികളും വ്യവസായ വാണിജ്യ ഡയറക്ടർ കൃത്യമായി പാലിക്കേണ്ടതാണ്.

10. വായ്പ പലിശ സഹിതം തുല്യ ത്രൈമാസ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതും അക്കാര്യം വ്യവസായ വാണിജ്യ ഡയറക്ടർ കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.

11. വീഴ്ച വരുത്തിയാൽ, പ്രതിവർഷം 2.50% പിഴപ്പലിശ സാധാരണ പലിശ നിരക്കിന് പുറമെ ഈടാക്കുന്നതാണ്.

1 2 . തുക സർക്കാരിൽ നിന്നുള്ള വായ്പയായി സ്ഥാപനത്തിന്റെ അക്കൗണ്ടുകളിൽ കാണിക്കേണ്ടതാണ്.

13. യഥാസമയമുള്ള മുതലിന്റെയും പലിശയുടെയും തിരിച്ചടവ് പ്രതീക്ഷയിൽ പലിശ നിരക്ക് നിശ്ചയിച്ചിരിക്കുന്നതിനാൽ, ഒരു സാഹചര്യത്തിലും നിരക്കുകളിൽ കൂടുതൽ ഇളവ്

അനുവദിക്കുന്നതല്ല.

14. മുൻ റിലീസിന്റെ ചെലവഴിക്കാത്ത ബാലൻസ്, എന്തെങ്കിലും ഉണ്ടെങ്കിൽ അത് നിലവിലെ ഫണ്ട് റിലീസിന് നേരെ ക്രമപ്പെടുത്തിയെന്ന് ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

15. തുടർന്ന് ഫണ്ട് അനുവദിക്കേണ്ടുന്ന പ്രൊപ്പോസലുകളിൽ, മുൻപ് അനുവദിച്ചിട്ടുള്ളതും ഇപ്പോൾ അനുവദിക്കുന്നതുമായ ഫണ്ടുകളുടെ വിനിയോഗസർട്ടിഫിക്കറ്റ്/ചെലവ് വിശദാംശങ്ങൾ 9/1/2020-ലെ ജി.ഒ(കൈ) നം.4/2020/ഫിൻ -ൽ നിഷ്കർഷിച്ചിരിക്കും പ്രകാരം നിശ്ചിത മാതൃകയിൽ സമർപ്പിക്കേണ്ടതാണ്.

16. ലോൺ മോണിറ്ററിംഗും ഫണ്ട് മാനേജ്മെന്റും സംബന്ധിച്ച് വ്യവസായ വാണിജ്യ ഡയറക്ടർ G.O. (P) No.157/2021/Fin തീയതി 26.11.2021 & GO (P) No.171/2021/Fin തീയതി 18.12.2021 ലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

4) വ്യവസായ വാണിജ്യ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ പ്രസ്തുത തുക പൻവലിച്ച് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് വിതരണം ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ തിരുവനന്തപുരം
കൈത്തറി & വസ്ത്ര ഡയറക്ടർ, തിരുവനന്തപുരം സെക്രട്ടറി,റിയാബ്,തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ)കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(ബഡ്ജറ്റ് വിംഗ്/പി.യു.ഡി/ജി.എം.സി)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സി.ഇ.ഒ, കെ-ബിപ്, തിരുവനന്തപുരം
ഐ.& പി.ആർ.ഡി.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sreekumar R
സെക്ഷൻ ഓഫീസർ
Date: 25-08-2023 15:58:53

പകർപ്പ് : ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വ്യവസായ വകുപ്പ് സെക്രട്ടറിയുടെ പേഴ്സൽ സെക്രട്ടറിയ്ക്ക്